# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം<br>നം. T.2200 | 20.6.2012-ലെ മറുപടിക്ക് |
|---|---|

### ഫാസ്റ്റ് ഫുഡ് ഉയർത്തുന്ന പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വളർന്നുവരുന്ന ഫാസ്റ്റ് ഫുഡ് സംസ്കാരം ഉയർത്തുന്ന ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; ഈ സംസ്കാരം വളരാനിടയായ സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനെപ്പറ്റി പഠനങ്ങൾ ഒന്നും തന്നെ ഈ വകുപ്പ് നടത്തിയിട്ടില്ല. |
| ബി) ഫാസ്റ്റ് ഫുഡ് സ്ഥാപനങ്ങളിലൂടെ വിപണനം ചെയ്യപ്പെടുന്ന ഭക്ഷ്യ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകുമോ; | ബി) പുതിയതായി നിലവിൽ വന്ന ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം പൂർണ്ണമായി സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ കൂടുതൽ ഫലപ്രദമായി ഭക്ഷ്യ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ കഴിയുന്നതാണ്. |
| സി)വില നിലവാരത്തിന്റെ കാര്യത്തിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ഒരു ഏകീകരണ സ്വഭാവം നിലവിലില്ലാത്തതിനാൽ ഉപഭോക്താക്കൾ ചൂഷണത്തിന് വിധേയരാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | സി) ബാധകമല്ല |
| ഡി) ഫാസ്റ്റ് ഫുഡ് സംസ്കാരം നിരുത്സാഹപ്പെടുത്തുന്നതിനും ഫാസ്റ്റ് ഫുഡ് സ്ഥാപനങ്ങൾ വിപണനം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളിൽ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളൊന്നുമില്ലെന്നും അവയ്ക്ക് ഈടാക്കുന്ന വില ന്യായമാണെന്നും ഉറപ്പുവരുത്താനും ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ? | ഭക്ഷ്യ സുരക്ഷാ നിലവാര നിയമം പൂർണ്ണമായി നടപ്പാക്കുമ്പോൾ ഫാസ്റ്റ് ഫുഡ് സ്ഥാപനങ്ങൾ വിപണനം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളൊന്നുമില്ലെന്ന് ഉറപ്പു വരുത്തുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ